**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 491** **23-07-2021 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയുടെ തീരസംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലിയാർ പുഴയുടെ തീരം ഇടിഞ്ഞ് പുഴയ്ക്കും സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ചാലിയാർ പുഴയുടെ തീരങ്ങൾ പലസ്ഥലങ്ങളിലായി ഇടിഞ്ഞ് പുഴക്കും, സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ ഫ്ലഡ് ഡാമേജ് /ഫ്ലഡ് കൺട്രോൾ എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ഫണ്ട് ലഭ്യതക്കനുസൃതമായി ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ സംരക്ഷണപ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴക്ക് പാർശ്വഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | എങ്കിൽ കൊണ്ടോട്ടി മണ്ഡലത്തിൽ പുഴയ്ക്ക് പാർശ്വഭിത്തി കെട്ടുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ ഉണ്ട് എന്ന് വിശദമാക്കുമോ? | (സി) | പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ ഫ്ലഡ് ഡാമേജ് /ഫ്ലഡ് കൺട്രോൾ എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ഫണ്ട് ലഭ്യതക്കനുസൃതമായി ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ സംരക്ഷണപ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴക്ക് പാർശ്വഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ